# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3182 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

**ദേശീയ പാതാവികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയ പാതാവികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് ബദൽ സംവിധാനവും നഷ്ടപരിഹാരവും നൽകാൻ പദ്ധതിയോ, പാക്കേജോ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരമുള്ള നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരമുള്ള പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29/12/2017-ലെ ജി.ഒ. (എം.എസ്) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്ഥലമെടുപ്പ് നോട്ടിഫിക്കേഷൻ വരുന്നതിന് മൂന്നുവർഷം മുൻപേ ലൈസൻസ് എടുത്ത വ്യാപാരി ആയിരിക്കണമെന്ന നിബന്ധന ഉണ്ടോ; ഈ നിബന്ധന കാരണം പല വ്യാപാരികൾക്കും ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് തൊട്ടുമുൻപുള്ള 3 വർഷമോ അതിൽ കൂടുതലോ കാലയളവിൽ ഒരു സ്ഥലത്ത് താമസിക്കുകയും/വ്യാപാരം നടത്തുകയും ഭൂമി ഏറ്റെടുക്കുന്നതിലൂടെ ജീവനോപാധി പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്യുന്ന കുടുംബം/ വ്യാപാരികളെയാണ് 2013-ലെ എൽ.എ.ആർ.ആർ ആക്റ്റ് സെക്ഷൻ 3 പ്രകാരം ബാധിക്കപ്പെട്ട കുടുംബം എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതുകൊണ്ടുതന്നെ 29/12/2017-ലെ ജി.ഒ. (എം.എസ്) നം.448/2017/RD പ്രകാരമുള്ള പുനരധിവാസം പ്രസ്തുത കുടുംബങ്ങൾ/വ്യാപാരികൾക്കാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ